മൈനർ ഇറിഗേഷൻ ഡിവിഷൻ,
മിനി സിവിൽ സ്റ്റേഷൻ, കോട്ടയം – 686 001.

Fax : 0481 – 2562662
email : midivisionkottayam@gmail.com
Phone : 0481 – 2562662.

ഭരണഭാഷ – മാതൃഭാഷ

നമ്പർ . എ6- 41/94

തീയതി 05. 04. 2018

## ക്വട്ടേഷൻ/ലേലപരസ്യം

കേരള ഗവർണ്ണർക്കുവേണ്ടി ചെറുകിട ജലസേചന വിഭാഗം ഡിവിഷൻ, കോട്ടയം എക്സിക്യൂട്ടീവ് എൻജിനീയറുടെ ഓഫീസിന്റെ അധീനതയിലുള്ള ഉപയോഗ ശൂന്യമായ താഴെ പറയുന്ന മഹീന്ദ്ര ആന്റ് മഹീന്ദ്ര ഡീസൽ ജീപ്പ് കിടക്കുന്ന സ്ഥലത്ത് ( പാലാ മിനിസിവിൽ സ്റ്റേഷൻ പരിസരം) പരിശോധിക്കാവുന്നതും ഏതവസ്ഥയിലാണോ അതേ അവസ്ഥയിൽ അടിയിൽ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥനോ അദ്ദേഹം അധികാരപ്പെടുത്തുന്ന മറ്റുദ്യോഗസ്ഥരോ പരസ്യമായ ലേലം/ക്വട്ടേഷൻ മുഖേന വിൽക്കുന്നതുമാണ്.

| | | |
|---|---|---|
| എസ്. ആർ. നമ്പർ | - | സർക്കാർ ഉത്തരവ് (സാധാ) നം. 1053/2017/ജ.വി.വ തീയതി. 23/12/2017. |
| വാഹനത്തിന്റെ വിവരം | - | 1984 മോഡൽ C.J 500 D മഹീന്ദ്ര ജീപ്പ് (KRA 3014) |
| നിരതദ്രവ്യം | - | 3750/- |
| ലേല സ്ഥലം | - | ചെറുകിട ജലസേചന വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ ഓഫീസ് പരിസരം |
| ലേല തീയതിയും സമയവും | - | 10/05/2018 വ്യാഴം രാവിലെ 11 മണി. |

ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേല സമയത്തിനു മുൻപായി നിരതദ്രവ്യം കെട്ടിവയ്ക്കേണ്ടതാണ്. പരസ്യലേലത്തിനു പുറമേ മൽസര സ്വഭാവമുള്ള ക്വട്ടേഷനുകൾ 09/05/2018 വൈകിട്ട് 4 മണി വരെ സ്വീകരിക്കുന്നതും ക്വട്ടേഷനോടു കൂടി നിരതദ്രവ്യം എക്സിക്യൂട്ടീവ് എഞ്ചിനീയർ, മൈനർ ഇറിഗേഷൻ ഡിവിഷൻ, കോട്ടയത്തിന്റെ പേരിൽ ഡിമാൻഡ് ഡ്രാഫ്റ്റായി സമർപ്പിക്കേണ്ടതുമാണ്. ലേലത്തിനു ശേഷം ക്വട്ടേഷനുകൾ ടി സ്ഥലത്തു വച്ച് തന്നെ ഹാജരുള്ളവരുടെ മുമ്പാകെ തുറന്നു പരിശോധിക്കുന്നതും ലേലം/ക്വട്ടേഷൻ , എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അംഗീകാരത്തിന് വിധേയമായി ഇവയിൽ കൂടുതൽ തുകയ്ക്കുള്ള ആളിന്റെ പേരിൽ താൽക്കാലികമായി സ്ഥിരപ്പെടുത്തുന്നതും ലേലം/ ക്വട്ടേഷൻ തുക GST/ നിയമാനുസൃത നികുതികൾ സഹിതം മുഴുവൻ തുകയും ഉടൻ തന്നെ കെട്ടിവയ്ക്കേണ്ടതുമാണ്.

ലേലം/ക്വട്ടേഷനിൽ പങ്കെടുക്കുന്നവർക്ക് നിരതദ്രവ്യം പണമായി അടയ്ക്കാവുന്നതും അടയ്ക്കുന്ന സമയത്ത് അവരുടെ തിരിച്ചറിയൽ രേഖകൾ ഹാജരാക്കേണ്ടതുമാണ്. മതിയായ തുകയ്ക്ക് ലേലം/ക്വട്ടേഷൻ ഉറപ്പിക്കാതെ വരുന്ന അവസരത്തിൽ ഇക്കാര്യത്തിൽ തീരുമാനം എടുക്കുന്നതിന് ലേലം നടത്തുന്ന ഉദ്യോഗസ്ഥന് അധികാരമുണ്ടായിരിക്കുന്നതാണ്. ലേല ദിവസം ഏതെങ്കിലും കാരണവശാൽ അവധി ആയാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം നിശ്ചിത സമയം ലേലം നടത്തുന്നതായിരിക്കും. വിൽപ്പന സ്ഥിരപ്പെടുത്തിയ ഉത്തരവ് കിട്ടി 7 (എഴ്) ദിവസത്തിനകം ടി വാഹനം നിയമാനുസൃതം സ്വന്തം ചിലവിലും ഉത്തരവാദിത്വത്തിലും നീക്കം ചെയ്യേണ്ടതാണ്. ലേലം സംബന്ധിച്ച കൂടുതൽ വിവരങ്ങൾ പ്രവൃത്തി ദിവസങ്ങളിൽ അന്വേഷിച്ചറിയാവുന്നതാണ്. ലേലം നീട്ടി വയ്ക്കുക, റദ്ദ് ചെയ്യുക, അസ്ഥിരപ്പെടുത്തുക തുടങ്ങിയവ സംബന്ധിച്ച് കേരള ജലസേചന വകുപ്പിൽ നിലവിലുള്ള എല്ലാ നിബന്ധനകളും ഇതിനും ബാധകമായിരിക്കുന്നതാണ്.

എക്സിക്യൂട്ടീവ് എഞ്ചിനീയർ
Executive Engineer
Minor Irrigation Division
Mini Civil Station
Kottayam